ഉക്രയെനിന്റെ പ്രസ്താവന

മാര്ച്ച് 06, 2014

ഗവണ്മെന്റ് മാറ്റവും നിരവധി നിരപരാധികളുടെ ജീവന് നഷ്ടപ്പെട്ട ദാരുണ സംഭവവും അടക്കം ഉക്രെയിനിലെ അടുത്ത കാലത്തുണ്ടായ നടപടികള് ഇന്ത്യ വളരെ അടുത്തു നോക്കിക്കാണുകയാണ് . .
ഉക്രെയിനിലെ വിവിധ ഭാഗങ്ങളിലായി നാലായിരം വിദ്യാര്ഥികള് അടക്കം അയ്യായിരം ഇന്ത്യക്കാര് ഉണ്ട് എന്നത് കൊണ്ട് തന്നെ സമ്മര്ദ്ദം വര്ധിക്കുന്നതില് ഞങ്ങള്ക്കു ഉത്കണ്ഠയുണ്ട് .
ഉക്രെയിനിലെ ജനങ്ങളുടെ അഭിലാഷമനുസരിച്ചുള്ള മാറ്റങ്ങള് ഉള്പ്പെടുന്ന തരത്തില് ഉക്രെയിനിലെ ആഭ്യന്തര പ്രശ്നത്തിനു പരിഹാരം കാണുവാനുള്ള ശ്രമങ്ങളെ ഇന്ത്യ സ്വാഗതം ചെയ്യുന്നു.
ന്യായമായ നിയമത്തില് അടിയുറച്ച ജനാധിപത്യ പ്രക്രിയയില് സ്വതന്ത്രവും സുതാര്യവുമായ തെരഞ്ഞെടുപ്പു ഒരു സമൂഹത്തിനു ആവശ്യമാണു എന്നത് ഇത്തരുണത്തില് വളരെ പ്രധാനപ്പെട്ടതാണ്

ചര്ച്ചകള് വഴി ഉക്രെയിനും അയല് രാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങള് പരിഹരിക്കുവാന് നയതന്ത്ര വഴികളിലൂടെ ആത്മാര്ത്ഥമായ സുസ്ഥിരമായ ശ്രമങ്ങള് നടത്തണമെന്ന് ഇന്ത്യ ആവശ്യപ്പെടുന്നു

ന്യൂ ഡെല്ഹി
മാര്ച്ച് 6, 2014